രൂപീകരിച്ചിട്ടുണ്ട്. ഇതുവരെ കൂടിയ ഇത്തരം കമ്മിറ്റികളും കുറവു വരുത്തിയ വിലകളും പകരം മുൻവിലകളും ഈടാക്കുന്നുവെന്ന ആക്ഷേപം റിപ്പോർട്ടു ചെയ്തിട്ടില്ല.

(സി) മേൽപ്പറഞ്ഞ കമ്മിറ്റികളുടെ ശുപാർശകളും അപ്പോഴപ്പോൾ ഗവൺമെൻറ് പരിഗണിക്കുകയും യുക്തമായ നടപടികളും കൈക്കൊള്ളുകയും ചെയ്യുന്നതാണ്.

പെട്രോൾ പമ്പുകൾ

664 [957] ശ്രീ. കെ. സി. വാമദേവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പെട്രോൾ പമ്പുകൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നേരിട്ട് നടത്തുന്നു;

(ബി) കൂടുതൽ പമ്പുകൾ സ്ഥാപിക്കാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) അഞ്ചെണ്ണം.

(ബി) ഉദ്ദേശിക്കുന്നുണ്ട്. ഇതിനായി സംസ്ഥാനത്തു പ്രവർത്തിക്കുന്ന ഐ. ഓ. സി., ഭാരത് പെട്രോളിയം, ഹിന്ദുസ്ഥാൻ പെട്രോളിയം എന്നീ മൂന്നു കോർപ്പറേഷനുകളോടും സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

ന്യായവില ഷാപ്പുടമകൾ ഗവൺമെൻറിലേയ്ക്ക് സമർപ്പിച്ച മെമ്മോറാണ്ടം

665 [958] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യായവില ഷാപ്പുടമകൾ ഗവൺമെൻറിലേയ്ക്ക് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ ഉന്നയിച്ച ആവശ്യങ്ങളിൽ വല്ല തീരുമാനവും ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ തീരുമാനം എന്തെല്ലാം?

ഉത്തരം

(എ) ചോദ്യത്തിൽ നിന്നും എന്നു നൽകിയ മെമ്മോറാണ്ടമാണെന്ന് വ്യക്തമല്ല. 1978 മേയ് 21-ാം തിയ്യതി കേരളാ റേഷൻ ഹോൾസെയിൽ ഡിസ്ട്രിബ്യൂട്ടേഴ്സ് ഫെഡറേഷനിൽ നിന്നും ഒരു നിവേദനം ലഭിച്ചിരുന്നു. കാലാകാലങ്ങളിൽ ലഭിച്ചിട്ടുള്ള നിവേദനങ്ങളിൻമേൽ ചില തീരുമാനങ്ങൾ എടുക്കുകയും ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) മൊത്ത വ്യാപാരികൾക്കും റീട്ടേയിൽ വ്യാപാരികൾക്കും 1.10.1978 മുതൽ താഴെക്കാണുന്ന റേറ്റിൽ ഇൻസിഡൻറൽ ചാർജ്ജും ട്രാൻസ്പോർട്ട് ചാർജ്ജും വർദ്ധിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

മൊത്ത വ്യാപാരികൾ

നിലവിലിരുന്ന നിരക്ക്

സോൺ	ഇൻസിഡൻറൽ ചാർജ്		ട്രാൻസ്പോർട്ട് ചാർജ്		ആകെ കമ്പോസിറ്റ്	
	രൂപ	പൈസ	രൂപ	പൈസ	രൂപ	പൈസ
(1)	(2)		(3)		(4)	
1. 1 മുതൽ 18 കി.മീ. വരെ	2	30	0	97	3	27
2. 28 കി.മീ. വരെ	2	30	1	34	3	64
3. 40 കി.മീ. വരെ	2	30	1	51	3	81
4. 64 കി.മീ. വരെ	2	30	2	04	4	34
5. 64 കി.മീ. നു മേൽ	2	30	2	04 + 64 കി. മീറ്ററിൽ കൂടുതലുള്ള ഓരോ കിലോമീറ്ററിനും കമ്പോസിറ്റിന് 2½ പൈസ വച്ച്	2	30 + ട്രാൻസ്പോർട്ട് ചാർജ്

പുതുക്കിയ നിരക്ക് (1.10.1978 മുതൽ)

	(1)	(2)		(3)		(4)	
1.	16 കി.മീ. വരെ	2	34	0	97	3	31
2.	28 കി.മീ. വരെ	2	34	1	34	3	68
3.	40 കി.മീ. വരെ	2	34	1	51	3	85
4.	64 കി.മീ. വരെ	2	34	2	04	4	38
5.	64 കി.മീ.നു മുകളിൽ	2	34	2	04 + 64 കി.മീ.നു മുകളിൽ ഓരോ കി.മീ.നും കമ്പോസിറ്റിന് 2½ പൈസ.	2	34 + ട്രാൻസ പോർട്ട് ചാർജ്

റീട്ടേയിൽ വ്യാപാരികൾ

നിലവിലിരുന്ന നിരക്ക്

സോൺ	ഇൻസിഡൻറൽ ചാർജ്		ട്രാൻസ്പോർട്ട് ചാർജ്		ആകെ കമ്പോസിറ്റിന്	
	രൂപ	പൈസ	രൂപ	പൈസ	രൂപ	പൈസ
(1)	(2)		(3)		(4)	
1. 8 കി.മീ. വരെ	4	00	0	97	4	97
2. 16 കി.മീ. വരെ	4	00	1	23	5	23
3. 32 കി.മീ. വരെ	4	00	1	51	5	51
4. 48 കി.മീ. വരെ	4	00	1	77	5	77
5. 48 കി.മീ.നു മുകളിൽ	4	00	1	77 + 48 കി.മീറ്ററിന് മുകളിൽ ഓരോ കി. മീറ്ററിനും കമ്പോസിറ്റിന് 2½ പൈസ വീതം	4	00 + ട്രാൻസ്പോർട്ട് ചാർജ്

LIBRARY ARCHIVES Kerala Legislative Assembly

പുതുക്കിയ നിരക്ക് (1.10.1978 മുതൽ)

(1)	(2)	(3)	(4)
1. 8 കി.മീ. വരെ	4 06	0 97	5 03
2. 16 കി.മീ. വരെ	4 06	1 23	5 29
3. 32 കി.മീ. വരെ	4 06	1 51	5 57
4. 48 കി.മീ. വരെ	4 06	1 77	5 83
5. 48 കി.മീ.നു മുകളിൽ	4 06	1 77 + 48 കി.മീറ റിന് മുകളിലുള്ള ഓരോ കി.മീ റ്ററിനും കി ൻറലിന് 2½ പൈസ വീതം	4 06 + ട്രാൻസ് പോർട്ട് ചാർജ്

കേന്ദ്ര ഗവൺമെൻറ് അലോട്ട് ചെയ്ത അരി

666 [959] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ വിതരണത്തിന് കേന്ദ്ര ഗവൺമെൻറ് അലോട്ട് ചെയ്ത അരി ഉൾപ്പെടെയുള്ള ഭക്ഷ്യസാധനങ്ങൾ സംസ്ഥാന ഗവൺമെൻറ് ഈ സാമ്പത്തിക വർഷത്തിൽ യഥാവസരം വാങ്ങാതിരുന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സാധനങ്ങൾ;

(സി) എത്ര വീതം;

ഉത്തരം

(എ) ഈ സാമ്പത്തിക വർഷത്തിൽ കേന്ദ്ര ഗവൺമെൻറ് അലോട്ട് ചെയ്ത ഭക്ഷ്യസാധനങ്ങൾ സംസ്ഥാന ഗവൺമെൻറ് ആവശ്യാനുസരണം റേഷൻ കടകളിലൂടെ ജനങ്ങൾക്കു യഥാവസരം ലഭ്യമാക്കിക്കൊടുത്തിട്ടുണ്ട്.

(ബി and സി) ഉദിക്കുന്നില്ല.

കേന്ദ്രഗവൺമെൻറ് അലോട്ടു ചെയ്ത ഭക്ഷ്യധാന്യങ്ങൾ

667 [960] ശ്രീ. പി. കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനാവശ്യമായ ഭക്ഷ്യപദാർത്ഥങ്ങൾ കഴിഞ്ഞ വർഷം കേന്ദ്രഗവൺമെൻറ് നൽകിയിരുന്നുവോ;

(ബി) 1978 ജനുവരി മുതൽ ഡിസംബർ വരെ അരിയും ഗോതമ്പും എത്ര നൽകിയെന്നു വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly